നൂററാണ്ടുകളായി മാപ്പിളസമുദായത്തിന്റെ പരിമിതമായ പരിധിക്കുള്ളിൽമാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന മാപ്പിള സാഹിത്യശാഖക്ക് മലയാള സാഹിത്യത്തറവാട്ടിൽ അംഗീകാരവും അവകാശവും നേടിയെടുത്തതിൽ മുഖ്യപങ്കുവഹിച്ചത് ഉബൈദ്സാഹേബാണ്. കേരള സംഗീതനാടക അക്കാദമി എക്സിക്യൂട്ടീവ് മെമ്പർ, സാഹിത്യ അക്കാദമി മെമ്പർ എന്നീനിലകളിൽ കഴിഞ്ഞ 10 വർഷത്തോളമായി അദ്ദേഹം സേവനമനുഷ്ഠിച്ചു വരികയായിരുന്നു. ഇതിന്നു പുറമെ കാലിക്കററ് യൂണിവേഴ്സിററി ഫൈൻ ആർട്ട്സ് ഫാക്കൽററി, കേരള കലാമണ്ഡലം എന്നിവയിലും അദ്ദേഹം അംഗമാണ്. മുസ്ലിം സമുദായത്തിന്റെ സാമൂഹ്യ-സാംസ്കാരിക രാഷ്ട്രീയ മുന്നേററത്തിൽ നിർണ്ണായകമായ പങ്കും നേതൃത്വവും വഹിച്ച മഹാനായിരുന്നു അദ്ദേഹം. 39 വർഷത്തെ പ്രശസ്തമായ അദ്ധ്യാപനസേവനത്തിനുശേഷം രണ്ടു കൊല്ലം മുമ്പാണദ്ദേഹം സേവനരംഗത്തുനിന്നു വിരമിച്ചത്. 1964 ൽ ഉത്തമാദ്ധ്യാപകക്കുള്ള സ്റ്റേററ് അവാഡ് നേടി. ഉത്തരകേരളത്തിലെ മുസ്ലിംസമുദായത്തെ പൊതിഞ്ഞുനിന്ന അന്ധവിശ്വാസങ്ങൾക്കെതിരെ സന്ധിയില്ലാസമരം പ്രഖ്യാപിച്ച ഉബൈദ് തന്റെ തൂലിക പ്രധാനമായും സമുദായ പരിഷ്കരണത്തിനുവേണ്ടി വിനിയോഗിച്ചു.

ഉബൈദ്സാഹെബിന്റെ സേവനങ്ങൾക്കുള്ള അംഗീകാരമായി കഴിഞ്ഞ മേയ് മാസം തിരൂരങ്ങാടിയിൽ നടന്ന സാഹിത്യസെമിനാറിൽവെച്ച് പൊന്നാട നല്കി ബഹുമാനിച്ചത് സ്മരണീയമാണ്. മുസ്ലിംസമുദായത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന്ന് കവിതകളിലൂടെയും സാമൂഹ്യപരിഷ്കരണ ജാഥകളിലൂടെയും അരനൂററാണ്ടുകാലം ധീരമായി പ്രവർത്തിച്ച ഉബൈദ്സാഹെബിന്റെ മരണം അപരിഹാര്യമായ വിടവുണ്ടാക്കിയിരിക്കയാണ്. വിനയവും സത്യസന്ധതയും ആത്മാർത്ഥതയും കൈമുതലാക്കിയ അദ്ദേഹം ബഹുമുഖ വ്യക്തിത്വമുള്ള ഒരു മഹാമനുഷ്യനായിരുന്നു. കവി, ഗദ്യകാരൻ, പരിഭാഷകൻ, സാമൂഹ്യപ്രവർത്തകൻ, അദ്ധ്യാപകൻ എന്നീ നാനാതുറകളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ജീവിതസാഫല്യം നേടിയ അതിമാനുഷനാണ്.

മൂന്ന് തലമുറകൾക്ക് സത്യസംസ്കാരങ്ങളുടെ ബാലപാഠം പറഞ്ഞുകൊടുത്ത ഒരു മഹാവിദ്യാലയം എന്നെന്നേക്കുമായി കൊട്ടിയടക്കപ്പെട്ടിരിക്കയാണ്, അദ്ദേഹത്തിന്റെ വിയോഗംമൂലം. അന്ധവിശ്വാസത്തിന്റെയും അനാചാരങ്ങളുടെയും ഇരുട്ടുമുറിയായ സമുദായത്തിന്ന് അറിവിന്റെയും വിജ്ഞാനത്തിന്റെയും വെള്ളിവെളിച്ചം പകർന്നുകൊടുക്കാൻ വേണ്ടി അഹോരാത്രം അശ്രാന്തപരിശ്രമം ചെയ്ത നിശ്ശബ്ദത്യാഗത്തിന്റെ പുണ്യവെളിച്ചമായിരുന്നു ഉബൈദ്. അദ്ദേഹം എന്നെന്നും മാപ്പിളസാഹിത്യസാമ്രാജ്യത്തിൽ സ്മരിക്കപ്പെടും;

"നീ മറഞ്ഞാലും തിരയടിക്കും
നീലക്കുയിലേ നിൻ ഗാനമെന്നും."

# NEWTON AND GRAVITATION



V. P. Abdulla (Mattul), B. Sc. Final

It is an age of science and technology. The scientific view of the universe is a remarkable achievement and it is worth considering at the outset what a scientific view is and what is remarkable about it. Since time immemorial human beings have been confronted with incinerating problems concerning their attitude towards life, towards nature and towards the terrafirma. The problem becomes all the more complex when we understand that this realm can be approached not by scientific tools and apparatus alone.

A scientific view of some thing is always an intimate mixture of some theories and facts not an inert gas — mixture, but a seething and growing one. Many scientists have made their contribution to these. Among them, Newton is generally acknowledged as the world's Greatest Man of Science.

Newton was born in England in the year 1642 and studied in a Grammar School and took his B. A. Degree from Trinity College, Cambridge. He had a keen interest in Mathematics and Physics and he served as a professor of Mathematics at Cambridge. Three years later he was elected a Fellow of the Royal Society. His greatest syndicated work "PRINCIPIA" was produced in 1687 revolutionising the scientific thought at that time. He was a member of Parliament for Cambridge in 1688. He was the Master of the Mint in 1699 and President of the Royal Society from 1703 till his death. He was honoured with a knighthood in 1705, by Queen Anne. He was a bachelor and had no time to think of marriage because of his interest in Mathematics and Physics that always kept him busy. Newton passed away on 20th March, 1727.

The phenomenon of Gravitation was discovered by Newton about three hundred years ago. Galileo had shown that all bodies fall with the same acceleration at all points, and revealed that planets are revolving round the sun. Kepler and Galileo failed to explain the cause of these movements. When he was sitting in his orchard, Newton saw an apple falling; pondering and gazing over the cause of the fall, he thought that the apple must be attracted by earth in much the same way as a piece of iron is attracted by a magnet. With all his unparalled mathematical shrewdness and genius he proved that the same natural force that caused the falling of the apple, holds planets in their route; and it is known as Gravitation. Based on Kepler's empirical laws, Newton enunciated his famous inverse law of gravitation, which states that "the force of attraction between two masses is inversely proportional to the square of the distance between them". The equation is $F = G \frac{Mm}{r^2}$ where G is called the Gravitational constant, that is $6.6 \times 10^{-8}$ C. G. S. units. This law is applicable to all material bodies in the universe and hence is called the Gravitational Law. Thus Newton gave a new insight into the nature of the universe.

In the case of ordinary bodies, Gravitation is a very weak force. For example the Gravitational force between two electron is $10^{40}$ times less than the electrical force between them. Though it is a weak force it possesses a strange quality which the other physical forces such as electromagnetic force lack. The strength of Gravitation grows in size whenever there is a large stimulation of matter. So in the earth, Gravitation does not play a dominant part as it plays inside stars and such massive heavenly bodies.

## MODERN THEORIES ON GRAVITATION

Modern Gravitational law was put forth by EINSTEIN, which indicates that Gravitation is always a special case of much larger concept that includes light, ɔtion, electricity and magnetism. "For him, Gravitation is a property of space time rather than a force of attraction in the Newtonian Sense".

"Einstein describes the universe as a space time continuum which has four dimensions (one of time and three of space) and he proved that materials are bent like Curvature". The acceleration of a body like the falling of an apple or an orbitting satellite shows itself that Gravitation arises due to this curvature.

"The outstanding success of Relativity is the reduction of Gravity into Non-Euclidean space time Geometry". "Einstein proved that Gravitational and material masses are equal". "But his idea brought about a big mathematical complication". "To reduce the difficulties BIRKHOFF enunciated a theory of Gravitation of flat surface instead of curved surface".

*(Continued on next page)*

*(Continued from previous page)*

Another important milestone was the theory put forward by MILNE. The theory formed by Hoyle-Nanlikar rejects the Gravitational fields of Einstein. According to this theory, matter is created out of the very energy of universe expansion from a source of negative energy. If we remove matter from a negative energy source it will be made more negative. By the expansion of the universe it will become less negative. Then two opposing effects balance each other to produce a steady state. This source of negative energy is known as creative field.

Thus we see that Gravity is one of the most familiar and obscure of nature forces, which has challenged the imagination of many a genius. All these theories have developed from Newton's fallen apple, and people had seen apples fall, even before Newton. But his scientifically oriented genius could not miss the many implications behind that all too common phenomenon.

# ഒളിമ്പിക്ക് ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

എൻ. കെ. ശശിധരൻ, II B. Sc. (Chem.)

നാല്പതോളം ലോകറിക്കാർഡുകൾ തിരുത്തിയെഴുതപ്പെട്ടിട്ടും വിഷാദത്തിന്റെ പരിവേഷമണിഞ്ഞതാണ് ഇരുപതാം ഒളിമ്പിക്സ് മ്യൂനിക്കിൽ അവസാനിച്ചത് എന്ന ദുഃഖസത്യം മോൺട്രീലിനെ തുറിച്ചുനോക്കുകയാണ്. ഒളിമ്പിക്സിന്റെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ, നൂററാണ്ടുകൾക്ക് മുമ്പാരംഭിച്ച മഹത്തായ ആ പ്രസ്ഥാനത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രമാണ്, ഇവിടെ ഉദ്ദേശിക്കുന്നത്.

മൂവായിരത്തോളം വർഷങ്ങൾക്ക് മുമ്പാരംഭിച്ച ലോക കായികമേളക്ക് ആധുനികരൂപം കൈവന്നിട്ട് എഴുപത്താറ് വർഷങ്ങളേ ആയിട്ടുള്ളു. ഒരു ഫ്രഞ്ചുകാരനായ ബാറോൺ ഡികൗബർട്ടിന്റെ ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരമായിരുന്നു 1896 ലെ ഏതൻസ് ഒളിമ്പിക്സ്.

ഇരുപത് ആധുനികഒളിമ്പിക്കുകളടക്കം മുന്നൂററിപ്പതിനാല് ഒളിമ്പിക്കുകൾ എഴുതപ്പെട്ട ചരിത്രത്തിൽ കാണാം. പുരാതനഗ്രീസിൽ നാലുവർഷങ്ങൾ ഇടവിട്ട് തുടർച്ചയായി ആയിരത്തിഇരുനൂറ് വർഷങ്ങൾ ഈ മത്സരങ്ങൾ നടത്തിയിരുന്നു എന്നതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. ആദ്യത്തെ ഒളിമ്പിക്സ് 1254 B. C. യിൽ നടത്തിയതായി പറയപ്പെടുന്നുണ്ടെങ്കിലും രേഖപ്പെട്ട ചരിത്രത്തിൽ കാണുന്നത് 776 B. C. യിൽ ഒന്നാമത്തെ ഒളിമ്പിക്സ് നടന്നു എന്നാണ്.

ഒളിമ്പിക്സിന്റെ ആരംഭത്തെക്കുറിച്ച് വ്യക്തമായി ഒന്നുംതന്നെ അറിവായിട്ടില്ല. പരമ്പരാഗതമായി ഗ്രീസുകാരും ഏതൻസുകാരും വിശ്വസിച്ചുപോരുന്ന ചില കഥകളെ നമുക്കല്പമെങ്കിലും സഹായകമായിട്ടുള്ളു.

സിയൂസും ക്രോണോസും തമ്മിൽനടന്ന ഉഗ്രമായ ഒരു മല്പിടുത്തത്തെക്കുറിച്ചാണ് ഒരു കഥ. ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുവേണ്ടി ദൈവങ്ങൾ നടത്തിയ ആ പോരാട്ടത്തിന്റെ സ്മാരകമായാണത്രെ ഒളിമ്പിക്ക് മത്സരങ്ങൾ നടത്തിപ്പോന്നത്.

ഹെർകുലീസ് ഈ മത്സരങ്ങൾ തുടങ്ങിവെച്ചു എന്നു വിശ്വസിക്കുന്നവരുമുണ്ട്.

മത്സരത്തിൽ പങ്കെടുക്കുന്ന കായികാഭ്യാസികളെ യാതൊരുതരത്തിലും ദേഹോപദ്രവമേല്പിക്കുകയോ, അപമാനിക്കുകയോ ചെയ്യരുതെന്ന് പുരാതനകാലംമുതലേ നിർബ്ബന്ധമായിരുന്നു.

ആദ്യമാദ്യം ഗ്രീക്കുകാർമാത്രം പങ്കെടുത്തിരുന്ന മത്സരങ്ങളിലേക്ക് ക്രമേണ ഗ്രീക്കു കോളനികളിലെ കായികാഭ്യാസികളും വന്നുതുടങ്ങി. ഒന്നാമത്തെ ഒളിമ്പിക്സിൽ ഒരേയൊരിനമേ ഉണ്ടായിരുന്നുള്ളു, ഇരുനൂറ് വാര നീളമുള്ള ട്രാക്കിൽ ഒരോട്ടപ്പന്തയം, ഇതു കാലക്രമേണ നാനൂറ് വാര ഓട്ടമായി അഭിവൃദ്ധിപ്പെട്ടു. പെൻറത്‌ലനും ഗുസ്തിയും ഉൾപ്പെടുത്തുമ്പോഴേക്കും ഇരുപതിൽപരം ഒളിമ്പിക്കുകൾ കഴിഞ്ഞിരുന്നു.

ധാരാളം മത്സരങ്ങൾ നടത്താൻ ഒരുദിവസം മതിയാകാതെയായി അഞ്ചുദിവസമായി കായികമേളയുടെ സമയപരിധി വർദ്ധിപ്പിച്ചു. ഇതിൽ നല്ലൊരംശം മതപരമായ ചടങ്ങുകൾക്കും നീക്കിവെച്ചിരുന്നു.

പുരാതന ഒളിമ്പിക്കുകളും ആരംഭിച്ചിരുന്നത് കായികാഭ്യാസികളുടേയും പരിശീലകരുടേയും വിധിനിർണ്ണേതാക്കളുടേയും പ്രതിജ്ഞ എടുക്കലോടെ ആയിരുന്നു. സിയൂസിന്റെ പ്രതിമക്ക് മുമ്പിൽ വെച്ചായിരുന്നു പ്രതിജ്ഞ എടുക്കാറ്. അതിനുശേഷം ഇവരെല്ലാവരുംകൂടെ കളിസ്ഥലത്തെ വലംവെക്കാറുണ്ടായിരുന്നു. മത്സരാരംഭത്തിലും അവസാനത്തിലും കാഹളം മുഴക്കാറുമുണ്ടായിരുന്നു.

സാമ്പത്തികനേട്ടങ്ങളിൽ ശ്രദ്ധിക്കാതെ മത്സരത്തിൽനിന്ന് ലഭിക്കുന്ന ആനന്ദത്തിന്നായിരുന്നു ആദ്യകാലത്ത് കൂടുതൽ വിലകല്പിച്ചിരുന്നത്. നിർഭാഗ്യവശാൽ കാലക്രമേണ സാമ്പത്തികനേട്ടങ്ങളിൽ ശ്രദ്ധ കൂടുകയും പാവനമായ ഒളിമ്പിക്കാദർശങ്ങൾ വിസ്മരിക്കപ്പെടുകയും ചെയ്തു. വർഷങ്ങൾ കഴിയുന്തോറും ഒളിമ്പിക്കുകൾ അനഭിലഷണീയമായ മത്സരങ്ങൾക്ക് സാക്ഷ്യംവഹിക്കേണ്ടിവന്നതിനാൽ 394 A. D. യിൽ തിയോഡേഷ്യസ് എന്ന റോമാചക്രവർത്തിക്ക് ഇത് നിർത്തലാക്കേണ്ടിവന്നു.

ഒളിമ്പിയ ഒരോർമ്മ മാത്രമായിതീർന്നു. അതിന്റെ നഷ്ടാവശിഷ്ടങ്ങൾക്കുമുകളിൽ വൃക്ഷങ്ങൾ മുളച്ചു. കുന്നു

കൾ രൂപംപ്രാപിച്ചു. ആരുമാരും ശ്രദ്ധിക്കാതെ ഒളിമ്പിയ വിശ്രമം കൊണ്ടു.

പത്തൊമ്പതാം നൂററാണ്ടിന്റെ രണ്ടാം ദശകത്തിൽ ഫ്രഞ്ചുപുരാവസ്തുഗവേഷകർ ഈ പഴയ നഗരത്തെ മാന്തിയെടുത്തു. പിന്നീട് ജർമ്മനിക്കാരും ഈ സംരംഭത്തിൽ ഏർപ്പെട്ടു. അവർക്ക് മഹത്തായ ആ നഗരത്തിന്റെ അവശിഷ്ടങ്ങളിൽനിന്നു് വിലപ്പെട്ട പലതും ലഭിച്ചു.

ഇവാൻഗലിസ്സ്സാപ്പസ് എന്ന ഗ്രീക്കുകാരൻ ഈ കണ്ടുപിടുത്തങ്ങളാൽ ആവേശഭരിതനായി ഒളിമ്പിക്ക് പ്രസ്ഥാനം പുനരാരംഭിക്കാനായി ഇറങ്ങിപ്പുറപ്പെട്ടു. 1859 ൽ ഏതൻസിൽ ഒരൊളിമ്പിക്സ് സംഘടിപ്പിച്ചുവെങ്കിലും അതൊരു പരാജയമായിരുന്നു. ശരിയായ സംഘടനാവൈഭവമില്ലാത്ത വ്യക്തികൾ തലപ്പത്തിരുന്നതിനാൽ തുടർന്നു നടന്ന മൂന്നു് ഒളിമ്പിക്കുകളും പരാജയപ്പെട്ടു.

രേഖപ്പെട്ട ചരിത്രത്തിലെ മുന്നൂററിപ്പതിന്നാലു് ഒളിമ്പിക്കുകളിൽ ഈ നാലെണ്ണം പെടുന്നില്ല.

ബാറോൺ ഡികൗബർട്ടിന്റെ ശ്രമഫലമായി ആധുനിക ഒളിമ്പിക്സ് ആരംഭിച്ചതു് സൂചിപ്പിച്ചുവല്ലോ.

‘‘കൂടുതൽ ഉയരത്തിൽ, വേഗത്തിൽ, ശക്തിയിൽ’’ എന്ന മഹത്തായ ആദർശവുമേന്തി കായികതാരങ്ങൾ ഏതൻസ്, പാരീസ്, സെൻറ് ലൂയിസ്, ലണ്ടൻ, സ്റ്റോക്ക് ഹോം, ആൻട്വർപ്പ്, ആംസ്റ്റർഡാം, ലോസ് ഏഞ്ചലസ്, ബെർലിൻ, ഹെൽസിങ്കി, മെൽബോൺ, റോം, ടോക്യോ, മെക്സിക്കോ, മ്യൂണിക്ക് എന്നിവിടങ്ങളിൽ മത്സരിച്ചു.

ഹിററ്ലരുടെ നേതൃത്വത്തിൽ 1936 ൽ ബർളീനിൽ ഒളിമ്പിക്സ് കഴിഞ്ഞശേഷം വീണ്ടും ലോകകായികമേള നടക്കാൻ പന്ത്രണ്ടുവർഷം കാത്തിരിക്കേണ്ടിവന്നു. യുദ്ധം വരുത്തിതീർത്ത പ്രതിബന്ധങ്ങളെയെല്ലാം തട്ടിനീക്കിക്കൊണ്ടായിരുന്നു 1948 ലെ ലണ്ടൻ ഒളിമ്പിക്സ് ഉജ്ജ്വലമായി നടന്നതു്.

1932 ലെ ലോസ് ഏഞ്ചലസ് ഒളിമ്പിക്സ് മുതലാണു് ഒളിമ്പിക്ക് വില്ലേജുകൾ ഏർപ്പെടുത്തിത്തുടങ്ങിയതു്. മത്സരരംഗത്തിനു് പുറത്തും സൗഹാർദ്ദപരമായ അന്തരീക്ഷം വളർത്തിയെടുക്കാൻ ഈ ഒന്നിച്ചുള്ള താമസം സഹായിച്ചു.

ഒളിമ്പിക്സോളം പ്രചുരപ്രചാരമുള്ളതും പ്രശസ്തവും വിജയകരവുമായ ഒരു പ്രസ്ഥാനവും മാനവരാശി ഇന്നേവരെ രൂപപ്പെടുത്തിയിട്ടില്ല. ‘‘കൂടുതൽ ഉയരത്തിൽ, വേഗത്തിൽ, ശക്തിയിൽ’’ എന്ന ഒളിമ്പിക്കാദർശം പൂർവ്വാധികം ബലവത്താക്കിക്കൊണ്ടു് കായികാഭ്യാസികൾ കണ്ണഞ്ചിപ്പിക്കുന്ന വിജയങ്ങൾ നേടിയിട്ടുണ്ടു്. അഴുക്കുകൾ പാവനമായ ഈ രംഗത്തെ സ്പർശിക്കാതെ സൂക്ഷിക്കേണ്ടതു് ഏതൊരു മനുഷ്യന്റെയും കടമയാണു്. അതിന്നായി നാം ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

# RECTIFIERS

K. V. M. Shafi, III B. Sc. (Physics)

We get alternating current (A. C.) supply in our houses because it is easily generated and transmitted over long lines. But A. C. cannot be used for charging of accumulators, making magnets, electrorefinery, electroplating, and so on. For these purposes we want direct current (D. C.). But A. C. can be easily converted into D. C. by means of rectifiers. A rectifier is capable of changing alternating current into a pulsating form of direct current; to obtain smooth D. C. power additional filter circuits are required.

There are two types of rectifiers namely half-wave rectifier and full-wave rectifier. A rectifier which allows only half of the cycle of A. C. to be converted into D. C. is called a half-wave rectifier. A full-wave rectifier is one which allows both halves of the cycle of A. C. to be converted into D. C.

Diode valve rectifier, transistor rectifier, copperoxide rectifier, selenium rectifier, germanium rectifier, and the rest are same common types of rectifiers. But in this article I deal with the first two types, that is diode valve rectifier and transistor rectifier.

### Diode valve rectifiers

(a) *Half-wave rectifier :*

The usual connections of a half-wave rectifier are shown in Fig. 1.




Fig. 1

T is a transformer, the primary of which is connected to an A. C. supply. The alternating voltage developed in the secondary of the transformer is applied to the plate of the diode. The filament of the valve is heated by the current from a separate secondary winding of a few turns on the transformer. During the half-cycle when the plate P is positive, a current will flow in the plate-filament circuit. During the next half-cycle, when the plate is—ve, no current will flow. Hence the current in the plate circuit flows in one direction, but it only flows for one half of the cycle and does not flow for the remaining half of the cycle. The current flows through the load resistance always in the same direction so as to make the end 'C' positive. The d-c out put voltage and current are pulsating because one half of the a. c. cycle is suppressed. The current can be converted into a steady d. c. by using filter.

(b) *full-wave rectifier.*

By using two diodes or a double diode and a transformer, whose secondary is centre tapped, we can get a supply of direct current and voltage corresponding to both the half-cycles. The arrangement is thus called a full-wave rectifier. The connections are as shown in Fig 2. (Filter circuit is also shown).




Fig. 2

Let the end A of the transformer secondary winding be positive with respect to the centre tap during the first half of the a. c. cycle. Then the plate $P_1$ is + ve and electrons flow from the filament to the plate $P_1$ and this is equivalent to a conventional current from $P_1$ to the filament. Now the end c of the load resistance R is positive and D negative. During the next half cycle of a. c. the end B is positive and the plate $P_2$ is positive and a conventional current flows from $P_2$ to the filament. Hence the current in the outside circuit again flows in the same direction making the end c positive and D negative. Thus both halves of the a. c. input cycle are rectified and we get a d. c. out put.

As both halves of the a. c. input cycle are rectified, the efficiency of the full-wave rectifier is far better than that of the half-wave rectifier. The rectified current is filtered or made smooth by using the filter circuit consisting of two chokes connected in series and three condensers connected in parallel.

### Transistor rectifiers

Now-a-days electronic tubes are being replaced by transistors in many electronic circuits. The transistor has no filament. So they operate at much low power and are better than electron tubes. Its small size and freedom from heat-up time are added advantages.

(a) *Transistor as a half-wave rectifier:*

The transistor serves as a controlled half-wave rectifier in the circuit shown in fig. 3.




Fig. 3

V is an n-p-n power transistor which is connected to the secondary of a step-down transformer as shown in the figure. The transistor in this circuit rectifies only half the cycle of a. c. input. Using the output control potentiometer $R_2$, the d. c. output can be varied from zero to a maximum. The power transistor in this circuit delivers a. d. c. output voltage which is continuously variable between zero and a maximum. The rectified current is filtered by using the condenser C.

(b) *Full-wave rectifier :*

Full-wave rectification is often preferred in a power supply because of its output current than that is supplied by a half-wave circuit and the increased ease of filtering.

The circuit of a full-wave rectifier using two transistors and a step-down transformer whose secondary is centre tapped, is shown in Fig 4.




Fig. 4

The two transistors $V_1$ and $V_2$ in this circuit rectifies both the halves of the a. c. input. The full-wave rectifier delivers twice the out-put current given by the half-wave rectifier. Using the ganged out-put control dual potentiometer $R_2$–$R_3$, the d. c. output can be varied from zero to a maximum. The terminal E is + ve and D negative.

# THE CO-OPERATIVE MOVEMENT: ITS PROGRESS IN INDIA

P. K. Unneen Kutty, B. Com. Final

The birth of co-operation in India was in 1904. It was formed as a state programme for providing credit to cultivators. After independence, measures were taken under the Five Year Plans to build up the co-operative sector as a part of the scheme of planned development.

The resources position of the co-operatives was strengthened by the financial support of the Reserve Bank of India and special corporations like Agricultural Finance Corporation and National Co-operative Development Corporation. To strengthen the various types of co-operatives, the movement was diversified, inter co-operative links were established and training facilities were expanded. By the result the co-operative movement was reached In a praise worthy position during the last two decades.

The rural co-operative movement consists of Land Development Banks, Agricultural Credit Co-operatives, Marketing Co-operatives, rural labourers and co-operative farming, and irrigation and electricity co-operatives. We can examine the progress of these co-operatives since independence.

The number of Agricultural Credit Societies went up from 1.05 lakhs in 1950-51 to 2.12 lakhs in 1960-61. The membership of these Societies increased from about 44 lakhs in 1950-51 to 267 lakhs in 1966-67, and to 325.5 lakhs in 1970-71. The proportion of rural population covered by membership went up from 7% in 1950-51 to 36% in 1970-71. There was a creditable expansion in the resources position of these Societies. The average share capital and deposits per society rose up respectively from Rs. 727 and 408 in 1950-51, to Rs. 12324 and 4257 in 1970-71. There has been an expansion in the volume of loans advanced by Agricultural Credit Societies. The short and medium term loans issued by them went up from Rs. 24 crores in 1950-51 to Rs. 203 crores in 1960-61 and to Rs. 564 crores in 1970-71. The loans advanced per member had risen from Rs. 44 in 1950-51 o Rs. 173 in 1970-71.

Much progress was also registered at the level of central co-operative banks for financing primary societies. As a result of efforts taken to rationalising the structure at this level, the total number of central co-operative banks was brought down from 509 in 1951-52 to 340 in 1970-71. New branches were opened for rendering efficient service to the member societies. The volume of loans and advances made by the central banks rose from Rs. 82.83 crores in 1950-51 to Rs. 963.73 crores in 1970-71.

The number of state co-operative banks increased from 16 in 1950-51 to 25 in 1970-71. The total loan operations also showed a creditable expansion. Central Land Development Banks and Primary Land Development Banks were established in various States. As a result the number of apex banks increased from 5 in 1950-51 to 19 in 1970-71, and that of primary banks form 286 to 865. The total loans advanced by these banks rose from Rs. 1.38 crores in 1950-51 to Rs. 167 crores in 1970-71. Thus there has been a praiseworthy expansion of co-operative credit in the post-independence period. But even now co-operative credit movement is very weak in some States.

Concerted measures were taken in the second and third Five Year Plans to develop co-operative marketing. The National Agricultural Co-operative Marketing Federation was set up by organising district level marketing societies and state level societies. The value of agricultural produce marketed by co-operatives increased from Rs. 47 crores in 1950-51 to Rs. 160 crores in 1962-63 and to Rs. 650 crores in 1970-71. In the fields of inter State and export trade, the marketing co-operatives made a tremendous progress. The total value of agricultural commodities exported by co-operatives increased from Rs. 59.7 lakhs in 1963-64. to Rs. 530 lakhs in 1970-71.

Recently co-operatives have entered in the field of manufacture of fertilizers. An All India Co-operative Fertilizer Organisation has been organised. It is allowed to produce ammonia, Urea and NPK in huge quantities per annum. Improved seeds, agricultural implements and pesticides were also distributed by co-operatives. The role of co-operatives in the manufacture and distribution of agricultural implements and machinery is also creditable.

The co-operative farming is started to solve the problems presented by small and uneconomic farmers and landless labourers. Pooling of land and joint cultivation is the aim of co-operative farming. Measures were taken under the Five Year Plans for organising Co-operative farming societies in all States. But in many states, these societies failed, due to unfavourable environment for their expansion. In 1970 there were 8819 co-operative farming societies with a membership of 2.41 lakhs and covering an area of 4. 74 lakh hectares.

The labour co-operatives were established with a view to helping the landless labourers by improving their standard of living. In 1970 there were 5274 labour co-operatives with a

membership of 3.29 lakhs. 62 district level labour co-operative unions are functioning in 11 states. There are also state level federations in Punjab, Hariyana, Delhi and Andra Pradesh for guidance and co-ordination.

The establishment of rural electric co-operatives in Andhra Pradesh, Gujarath, Maharashtra, U. P. and Mysore, is one of the recent developments in the co-operative sector in India. These societies started operations in 1970 – 71 and distribute electric power to the rural areas.

The irrigation societies were organised in some states with a view to providing irrigation facilities to cultivators. At the end of 1969 – 70 there were 1764 irrigation societies with a membership of 97618. The area irrigated by these societies was 86583 hectares.

In our country co-operatives are playing an important role in dairy development. It helps the rural people to find a supplementary source of income. The total member of primary milk co-operatives increased from 3200 in 1960 – 61 to about 11000 at the end of 1969 – 70. In New Delhi, a National Federation of Dairy Co-operatives has been set up. The Agricultural Refinance Corporation and the National Co-operative Development Corporation give financial aid to dairy co-operative schemes.

Special efforts were taken in the Third Five Year Plan to set up and develop co-operative processing of various crops like jute, sugarcane, paddy, cotton, oil seeds, fruit and vegetables. Upto 1971, 118 co-operative sugar factories were licensed. The number of other processing units as at the end of 1970 – 71 was 1584. Coffee factories, cashew processing, tea processing, copra oil mills, fruit and vegetable processing, solvent extraction, jute mills, spinning mills, and rice mills are included in this unit.

The co-operatives in the industrial sector were developed only after independence. These societies expanded by the efforts taken by the Government under the Five Year Plans. The number of primary industrial co-operatives rose from 7105 in 1950 – 51 to 46936 in 1969 – 70. Weavers' co-operatives, Khadi and village industries, handicrafts, coir societies and palm-gur societies are included in this category. There were 145 industrial estates with a total membership of 11296 providing employment to 15068 persons. The problem of rural unemployment and under employment could be solved to some extent by well-planned development of agro-industries, village industries and small scale industries.

After independence, the Government of India set foot to organise and develop co-operative movement in various fields by spending huge amounts of money through the Five Year Plans. But it is a deplorable fact that the co-operative movement is a fiasco in some fields. The government is trying its best to remove this defect through the planning programme. Altogether, co-operative movement in India achieved a praiseworthy success and it helped to solve the problem of unemployment to some extent. We can hope that the future of co-operative movement in India at various fields will be safe under the Five Year Plans.

# "The Impact of Corruption on the Economy of the Nation"

P. A. Rahiman, M. Com. D. P. A.

Corruption has infected the whole of our administrative machinery. The commercial and industrial undertakings of the public sector also are not free from it. No administrative organ of the state or Central Government can claim to be entirely free from this cancer.

Corruption leads to inefficiency, wasteful public expenditure and fall in public revenue. In the case of public works such as buildings, roads, irrigation, hydro-electric schemes, anti-sea erosion works and community development works only 50 to 60% of the amount spent by the Government goes to the actual process of the work and the rest is being appropriated by the corrupt officers and their accomplices.

Most of the public sector undertakings are running at a loss. Some have incurred loss just equal to or even more than their paid-up capital. The executives of some of these undertakings are inefficient and often misuse their power. They are mostly drawn from the bureaucracy who cannot normally be good commercial entrepreneurs. The employees are interested only in getting their emoluments increased. They are generally insubordinate and are not interested in the prosperity of the concern or of the Nation.

Huge amounts have been spent by the Government on the developmental schemes since we started planned economic development. Just over Rs. 20,000/- crores had been spent by the end of the III plan. But the income generated was comparitively very low. This resulted in the slow economic growth. But inflation has been leaping high. Iran which started planned economic development only at a later stage (1962) could double her per capita income in less than a decade (by 1971). At the same time, the country did not experience any phenomenal inflationary potential during the period.

There have been great variations between the plans and performances. The variations between the physical targets and physical performances have been still wider. On completion of the works the amount spent would be generally higher than the originally estimated amount. One road work in Kerala State which was originally estimated to cost Rs. 17.5 lakhs cost Rs. 55 lakhs on completion. It is reported that an irrigation project under construction in the state would cost 3 to 4 times the estimated amount on completion.

It is obvious that a good part of the amount spent by the Government goes to the pockets of corrupt officers and contractors. This increases the black money in circulation which leads to conspicuous consumption. This in turn encourages smuggling. The amount of goods and services produced and the employment opportunities created fall short of the targets. This results in slow economic growth, high inflation, concentration of wealth and swelling of unemployed persons.

Tax evasion is another hurdle to progress. It is doubtful whether even 5% of the people produce correct accounts and pay the taxes actually due. Vexed with the low revenue yields and high commitments, the Government often increase tax rates. The exorbitant increase in the tax rates instigates even the honest people to be dishonest. If we were able to collect 50% of the taxes and duties actually due, the revenue income would have been many fold greater than the present income, and the financing of the plans would not be a problem. The Direct Taxes Enquiry Committee appointed by the Government of India came to the conclusion that the income which was evaded for 1968 1969 can be estimated at Rs. 1400/- crores. One of the members of the committee Dr. D. K. Regneker, however, appended a note of dissent in which he estimates black income for 1968-69 and 1969-70 at Rs. 2833/- crores and Rs. 3080/- crores respectively. The smuggling cases caught by the Customs Department, the black money unearthed by the Enforcement Directorate and corruption cases detected by the Anticorruption Department constitute only a small percentage of the actuals.

A craving for quick money has been growing among the people, particularly among the business community. The moral values have been completely ignored. Unadulterated consumer goods have become quite rare. Wrong control measures adopted by the Government gives a hey-day for the black marketers and officers of the connected departments. Many businessmen and officers in Kerala have grown rich in a short time as a result of the control in the movement of food grains. Other states are in no way better. Some states have produced 'neo-millionaires' not only from among business community but also from among politicians. Large amount of the scarce foreign exchange is sanctioned for the conspicous consumption of this affluen section. Dr. K. N. Raj has estimated that atleast 300 crores of foreign exchange was spent in 1964 to provide for non-essenti

luxury consumption at home. The poor public everywhere is crushed between the cupidity of the businessmen and the rapacity of the bureaucracy.

Corruption, however, is not a new phenomenon. It has been in existence for long. Probably it has originated with Kings and Kingdoms. But in a laissez-faire economy there was little scope for corruption. Corruption might have become broad based with the increase in the interference of the state with the economic life of the people. There had been corruption in India even before Independence. It was more rampant in the Princely States than in the British Provinces. Many of our elder statesmen thought that there would not be corruption in Independent India. But some of the freedom fighters who had fought verbal wars against corruption during the pre-independent days amazed all by amassing large amount of wealth through illegal means when they came to power. Corruption, instead of vanishing, has been increasing on an alarming scale since Independence. The number of honest officers is dwindling day by day. The few honest officers found in different departments are just square pegs in round holes.

About two decades ago corruption was very rare among high officers. Then it was secret business between the giver and the receiver. But of late it has become a recognised practice known to all and the fruits of corruption are even enjoyed by the policy makers. Political parties and their nominees in the legislature, who are supposed to be the watch-dogs of the economic system, are also often involved in corrupt practices. No state, nor any single department of the Government is free from corruption. There are, however, differences in the intensity of corruption in different states, in different departments and in different personnel. In some states corruption has become a way of life and therefore, people consider 'mamool' as a necessary part of office business.

Though corruption in general has a very adverse effect on the economy as a whole, the impact of corruption in different departments is different to the state. For example, corruption in the Police Department breeds antisocial elements; corruption in the Forest and Central Excise Depatrments results in the loss of public revenue; corruption in the P. W. Department leads to the waste of public expenditure and corruption in the Customs Department encourages smuggling.

Thus our country is passing through a vicious circle of corruption, tax evasion, black money, smuggling and inflation. The large amount of black money in circulation has created a parallel fiscal system which plays havoc on the economy. If we are not able to eradicate corruption and break this vicious circle our developmental schemes will be of little use to the community. Instead of reducing the gap between the rich and the poor the gulf will be widening. So, corruption has to be eradicated as a fore-runner of any effective scheme of development. For this a thorough and detailed study of the nature and extent of corruptions taking place in the various departments of the state and central governments have to be conducted and methods evolved to remove this obnoxious and infectious disease from the administrative set up.

Our young and intelligent generation coming out of the Colleges and Universities, who have to shoulder the responsibilities of administration should be alive to the real problems facing the country. They should not be the cogs of the corrupt wheels of administrations, but they should be the champions of a new order devoid of corruption.

# വീണപൂവിലെ മാനുഷികജീവിതം

ശശിധരൻ കെ. പി., II B. Sc.

1046-ൽ ചിറയിൻകീഴ് താലൂക്കിൽ കായിക്കര എന്ന കൊച്ചുഗ്രാമത്തിൽ ഈഴവപ്രഭാവത്തിന്റെ കലവറ എന്നു വിശേഷിപ്പിക്കപ്പെടുന്ന കടക്കാവൂർ എന്ന പ്രദേശത്താണ് മഹാകവി കുമാരനാശാൻ ജന്മമെടുത്തത്. മലയാളസാഹിത്യത്തിൽ നൂതനമായ ഒരു അദ്ധ്യായം വെട്ടിത്തെളിയിച്ചുകൊണ്ടാണ് ആശാൻ രംഗപ്രവേശം ചെയ്തത്. ജീവിതത്തിൽ ഗൃഹസ്ഥനായും, അദ്ധ്യാപകനായും പ്രവർത്തിച്ച അദ്ദേഹം മാനുഷികസാംസ്കാരികമൂല്യങ്ങളിൽ അങ്ങേഅററം ബഹുമാനമുള്ള ഒരു കവിയായി ഉയർന്നത്, ജന്മനാൽ ഉള്ള ഭാവനയും, നിരന്തരമായ പരിശ്രമത്തിന്റെയും ഫലമായാണ്. അദ്ദേഹത്തിൽനിന്നു് കവിതകൈരളിക്ക് വളരെക്കാലം തുടന്നു ലഭിക്കാൻ ഭാഗ്യം ഉണ്ടായില്ല. അങ്ങനെ വളരെ ചെറുപ്പത്തിൽ 1099 മകരമാസം രാത്രി തൃക്കുന്നപ്പുഴക്കരികെയുള്ള പല്ലനയാററിലെ ഒരു ബോട്ടപകടത്തിൽപ്പെട്ട് അദ്ദേഹം മൃതിയടഞ്ഞു. ഇത്രയും കാലഘട്ടത്തിലാണ് മലയാളസാഹിത്യത്തിൽ കാല്പനികകവിതാപ്രസ്ഥാനം തഴച്ചുവളന്നതു്.

1907-ൽ അദ്ദേഹം രചിച്ച 'വീണപൂവ്'' എന്ന ഹ്രസ്വഖണ്ഡകാവ്യം മലയാളകവിതയിൽ ഒരു നൂതനാദ്ധ്യായം സൃഷ്ടിച്ചിട്ടുണ്ട്. ആശാന്റെ വീണപൂവിനെ വേണമെങ്കിൽ ഒരു ''കന്നിക്കവിത''യായിത്തന്നെ വിശേഷിപ്പിക്കാം. സംസ്കൃതകാവ്യനിയമപ്രകാരം കവിതകളെഴുതിപ്പോന്ന മലയാളകവികളുടെ ഇടയിൽ ആദ്യമായി കാല്പനികകവിതയുമായി ഓടിയെത്തിയത് ശ്രീ. കുമാരനാശാനായിരുന്നു. എന്നാൽ ഇതിനുമുൻപും 'റൊമാൻറിക് കാവ്യങ്ങൾ' മലയാളത്തിൽ ഉണ്ടായിട്ടില്ലെന്നു് പറഞ്ഞുകൂടാ. കാരണം, ശ്രീ. ഏ. ആർ. രാജരാജവർമ്മയുടെ ''മലയവിലാസവും'' ശ്രീ. കെ. സി. കേശവപ്പിള്ളയുടെ ''ആസന്നമരണചിന്താശതക''വും ഇതിനുമുൻപ് മലയാളത്തിൽ ഉടലെടുത്തതാണ്.

വീണപൂവിന്റെ രചനയിൽ ആശാനെ പാശ്ചാത്യസാഹിത്യം വളരെ സ്വാധീനിച്ചിട്ടുണ്ടെന്നു പറയാം. വീണപൂവിലെ മിക്ക ശ്ലോകങ്ങളും മലയാളത്തിൽ ഒരാധുനികതയുടെ ആവിഷ്കരണമാണ്.

കവിതകളെഴുതാൻ പല വസ്തുക്കളും ഉള്ളപ്പോൾ എന്താണ് ആശാൻ ഒരു വീണപൂവിനെപ്പററി എഴുതിയതു്. പലരും ഇതു ചോദിച്ചേക്കാം. പക്ഷെ ഇതിൽ വലിയ പ്രസക്തിയുണ്ടെന്നു തോന്നുന്നില്ല. എന്നാലും നമുക്ക് ഇവിടെ അതു ചിന്തിക്കാം. ശ്രീ. കുമാരനാശാനു് 'വീണപൂവു'' എന്ന ഖണ്ഡകാവ്യം എഴുതാനുണ്ടായ ''ഇമ്മീഡിയററ്കോസ്'' എന്താണ്. അതും വിടന്നു് വികസിച്ചുവരുന്ന ചുവന്ന പനിനീർപൂവിനെപററിയല്ല. കേവലം ഞെട്ടററു വാടിക്കരിഞ്ഞുകിടക്കുന്ന ആ പൂവിനെപററി. ഒരുപക്ഷെ സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലമായിക്കൂടായ്കയില്ല.

''വീണപൂവു'' വെറും ഞെട്ടററു വാടിക്കരിഞ്ഞു കിടക്കുന്ന ഒരു പൂവിന്റെ കഥയാണെങ്കിലും പ്രസ്തുതപൂവ് മാനുഷികജീവിതത്തിന്റെ നിഗൂഢാംശങ്ങളിലേക്ക് വെളിച്ചംവീശുന്നു. മാനുഷികജീവിതത്തിന്റെ ബാല്യം, കൌമാരം, യൌവനം, വാർദ്ധക്യം എന്നീ നാലു ഘട്ടങ്ങളെ ആശാൻ വളരെ സുന്ദരമായി ആവിഷ്കരിച്ചിരിക്കുന്നു. വീണ പൂവിന്റെ ദയനീയസ്ഥിതി കവി വർണ്ണിക്കുമ്പോൾ പ്രേമഭംഗം ഭവിച്ച് അകാലചരമമടഞ്ഞ ഒരു യുവതിയുടെ കഥ അനുവാചകർ അറിയാതെതന്നെ അവരുടെ ഹൃദയാന്തർഭാഗത്ത് വ്യക്തമായ ഭാഷയിൽ ലേഖനംചെയ്യുന്നു. ''വീണപൂവി''നെ ഒരു വിലാപകാവ്യമായിപോലും കണക്കാക്കാം എന്ന പണ്ഡിതന്മാരുടെ അഭിപ്രായം നമുക്കും സ്വീകരിക്കാം. ആശാന്റെ മററു പല കൃതികളും, വ്യക്തിക്ക് പ്രാധാന്യം നല്കിക്കൊണ്ടാണ് അവതരിപ്പിച്ചിരുന്നത്. ഇതിനുദാഹരണമാണ് ''കരുണ''യിലെ വാസവദത്ത, ''ചിന്താവിഷ്ടയായ സീത'' യിലെ സീത, ''നളിനി'' യിലെ നളിനി. മേൽപ്രസ്താവിച്ച എല്ലാ ഖണ്ഡകൃതികളിലും ആശാൻ വ്യക്തികളെ കഥാപാത്രങ്ങളായി സങ്കല്പിച്ചു. എന്നാൽ ''വീണപൂവി''ലാകട്ടെ വെറും ഒരു പൂവിനെയാണ് ശ്രീ. ആശാൻ നായികയായി സങ്കല്പിച്ചിരിക്കുന്നതു്. ആശാനു് വെറും ഒരു പൂവിൽ അതും, ഞെട്ടററു വാടിക്കരിഞ്ഞ ഒരു നിർഗ്ഗന്ധകുസുമത്തിൽ തന്റെ നായികയെ അവരോധിക്കാൻ കഴിഞ്ഞതു് കവിതയുടെതന്നെ ഒരു വിജയമാണ്.

കവിതയിൽ ഓരോ വാക്കും പ്രയോഗിക്കുന്നതിൽ കവി വളരെയധികം ശ്രദ്ധിച്ചിട്ടുണ്ട്. പൂവിന്റെ വാടി

ക്കരിഞ്ഞ ദയനീയാവസ്ഥയിൽ വളരെ സങ്കടത്തോടു കൂടി കവി അഭിസംബോധനചെയ്യുന്നതു നോക്കു—

‘‘ഹാ പുഷ്പമേയധികതുംഗപദത്തിലെത്ര—,
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കെയെ നീ
ശ്രീഭൂവിലസ്ഥിരമസംശയമിന്നു നിൻെറ
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ’’

പൂവിൻെറ ഭൂതകാലചരിത്രത്തിലേക്കു് വെളിച്ചം വീശാൻ പ്രസ്തുത വരികൾ വളരെയധികം സഹായിക്കുന്നു. അതിനുമുപരി ‘‘ഹാ പുഷ്പമെ’’ എന്ന ആ സംബോധന കവിയും, പൂവുമായുള്ള വേർപെടുത്താൻകഴിയാത്ത ഹൃദയ ബന്ധത്തെ സൂചിപ്പിക്കുന്നു. ആശാൻെറ ഗഹനമായ ചിന്തകൾ ഈ കവിതയിലാകമാനം കാണാം. ‘‘ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ’’ എന്ന ഒററവരി കൊണ്ടു് അനുവാചകഹൃദയത്തിൽ ഒരു സ്ത്രീരൂപത്തെ പ്രതിഫലിപ്പിക്കാൻ കവിക്കു് കഴിയുന്നു.

മുമ്പു്, സൂചിപ്പിച്ചപോലെ ബാല്യം, കൌമാരം് യൌവനം, വാർദ്ധക്യം എന്നീ നാലു ഘട്ടങ്ങൾ ഈ കവിതയിലും കാണാം. കൌമാരഘട്ടത്തിലെ അനുരാഗം ശ്രീ. ആശാൻ അതിമനോഹരവും, സുഖശീതളവുമായ ഭാഷയിൽ കൈകാര്യം ചെയ്തിരിക്കുന്നു. ശൈശവകാലം പിന്നിട്ടു്, കൌമാരഘട്ടത്തിലേക്കു് പ്രവേശിക്കുന്ന പൂവിനെ നോക്കി കവി പറയുകയാണു്

‘‘ലാളിച്ചുപെററ ലതയമ്പൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽവെച്ചു നിന്നെ;
ആലോലവായു ചെറുതൊട്ടിലുമാട്ടി താരാ–
ട്ടാലാപമാൻ്റ മലരേ ദലമർമ്മരങ്ങൾ.’’

ഇങ്ങനെ വെറും ഒരു പൂവിലൊതുങ്ങിനിന്നുകൊണ്ടു് മാനവജീവിതത്തിൻെറ ഇരുളടഞ്ഞ വശങ്ങളിലേക്കു് വെളിച്ചംവീശാൻ കവിക്കു് കഴിയുന്നു.

പൂവിൽ നായികയുടെ സൌന്ദര്യം പകർത്താൻ കവി മടിക്കുന്നില്ല. കേവലം നാലു വരികളിൽ ആ ‘നായിക’യുടെ സൌന്ദര്യം മററുള്ളവരിൽ വിശിഷ്യ ‘‘കാമുകനിൽ’’ ഉണ്ടാക്കുന്ന അനുഭവത്തെ ശ്രീ. ആശാൻ സമർത്ഥമായ രീതിയിൽ അവതരിപ്പിക്കുന്ന ഭാഗം നോക്കു —

‘‘വൈരാഗ്യമേറിയൊരു വൈദികനാട്ടെ യേററ,
വൈരിക്കുമുമ്പഴറിയോടിയ ഭീരുവാട്ടേ,
നേരേവിടൻ്റ വിലസീടിന നിന്നെനോക്കി
യാരാകിലെന്തു് മിഴിയുള്ളവർ നിന്നിരിക്കാം.’’

നായികയുടെ അതിരററ സൌന്ദര്യത്തിൽ ആകൃഷ്ടനായി മധു നുകരാൻ വരുന്ന ആ നായകനെ (വണ്ടിനെ) കവി അവതരിപ്പിക്കുന്നതു് തികച്ചും യുക്തമായ രീതിയിൽ തന്നെയാണു്.

ഞെട്ടററു വാടിക്കരിഞ്ഞു നിലംപതിച്ച ആ പുഷ്പത്തെ കണ്ണെടുക്കാതെ നോക്കുന്ന ആ വണ്ടിനെ നോക്കി കവി പറയുന്നു —

‘‘ഹാ കഷ്ടമാവിബുധകാമിതമാം ഗുണത്താ
ലാകൃഷ്ടനായനുഭവിച്ചൊരു ധന്യനീയാം
പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു, നിത്യം
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ.’’

കാമുകീകാമുകന്മാർ, അഥവാ നായികാനായകന്മാർ തമ്മിലുള്ള അനുരാഗം അഥവാ സ്നേഹം മുകൾവരികളിൽ സൂചിപ്പിക്കുന്നു.

കവിയുടെ അടക്കാനാവാത്ത ദുഃഖത്തിൻെറ പര്യായമായി വർത്തിക്കുന്ന വരികൾ നോക്കു —

‘‘ആരോമലാം ഗുണഗണങ്ങളിണങ്ങിദോഷ–
മോരോതുപദ്രവുമൊന്നിനുചെയ്തിടാതെ
പാരംപരാർത്ഥമിഹ വാണൊരുനിൻചരിത്ര–
മാരോർത്തുഹൃത്തടമഴിഞ്ഞു കരഞ്ഞുപോകാ!’’

വളരെ ചെറുപ്പത്തിൽ തൻെറ മനസ്സിൽ അങ്കുരിച്ച ഭക്തി അഥവാ ദൈവവിശ്വാസം, വീണ പൂവിൻെറ രചനയിൽ കവി എടുത്തുകാട്ടുന്നു. ദൈവത്തിൻെറ ആജ്ഞ വെടിഞ്ഞു് ഒരാൾക്കും ഈ ലോകത്തിൽ ജീവിക്കാൻ കഴിയുകയില്ല. എല്ലാം ഈശാജ്ഞപോലെ മാത്രമേ സംഭവിക്കുകയുള്ളു എന്ന സുന്ദരമായ ആശയം കവി അടുത്ത വരികളിൽ പ്രകടിപ്പിക്കുന്നു.

‘‘ഹാ ശാന്തിയൌപനിഷദോക്തികൾതന്നെ നല്കും,
ക്ലേശിപ്പതാത്മപരിപീഡനമജ്ഞയോഗ്യം;
ആശാഭരം ശ്രുതിയിൽവെക്കുക നമ്മൾ പിന്നെ
യീശാജ്ഞപോലെ വരുമൊക്കെയുമോർക്ക പൂവേ!’’

ഇങ്ങനെ മാനുഷികജീവിതത്തിൻെറ പാരമ്യത്തിലേക്കിറങ്ങി, അതിൻെറ ബഹുസൂക്ഷ്മവശങ്ങളെ ആവിഷ്കരിക്കുവാൻ ശ്രീ. ആശാനു് വളരെയധികം സാധിച്ചിട്ടുണ്ടു്.

‘പ്രിയ’വിയോഗത്തിൽ വണ്ടിൻെറ അടക്കാനാവാത്ത ദുഃഖം കവി അവതരിപ്പിക്കുമ്പോൾ ജീവിതത്തിൻെറ എല്ലാ വശങ്ങളിലും പയററിത്തെളിഞ്ഞ ഒരു കവിയാണോ ശ്രീ. ആശാൻ എന്നു് ആരും ചോദിച്ചുപോകും.

‘‘ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ–
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവനു് മിഴിക്കുവേദ്യ–
മേതോ വിശേഷസുഭഗത്വവുമാർന്നിരിക്കാം.’’

ഈ വരികളിൽ കേവലം ഒരു പൂവിലൂടെ അകാലചരമമടഞ്ഞ സ്നേഹസമ്പന്നയായ ഒരു യുവതിയെ ശ്രീ കൈരളിയുടെ തിരുമുമ്പിൽ കാഴ്ചവെക്കാൻ ആശാനു് സാധിച്ചു.

ഇനി ആശാൻെറ തത്വചിന്തയിൽ ഉള്ള അഗാധപാണ്ഡിത്യം വെളിപ്പെടുത്തുന്ന വരികൾ നോക്കാം —

“ഒന്നിനുമില്ല നില, ഉന്നതമായ കുന്നു-
മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ
എണ്ണീടിലാക്കമിതുതാൻ ഗതി സാദ്ധ്യമെന്തു
കണ്ണീരിനാൽ അവനിവാഴ്‌വ് കിനാവു കഷ്ടം!”
“ഞെട്ടറ്റു നീ മുകളിൽനിന്നു നിശാന്തവായു
തട്ടിപ്പതിപ്പള,വുണർന്നവർ താരമെന്നോ,
തിട്ടം നിനച്ചു മലരേ, ബത, ദിവ്യഭോഗം
വിട്ടാശു ഭൂവിലടിയുന്നൊരു ജീവനെന്നോ.”

ഇങ്ങനെ കേവലം ഒരു പൂവിൽ ഒതുങ്ങിനിന്നുകൊണ്ട് മാനുഷികജീവിതത്തിന്റെ നിഗൂഢാംശങ്ങളിലേക്ക് ശ്രീ. കുമാരനാശാൻ തന്റെ ഭാവനയാകുന്ന ടോർച്ചുമായി പ്രവേശിക്കുമ്പോൾ, അനുവാചകർക്ക് കിട്ടുന്നതോ, സുന്ദരമായ കവിതാശകലങ്ങൾ! തീർച്ചയായും മഹാകവി കുമാരനാശാന്റെ “വീണപൂവ്” എന്ന ഹ്രസ്വഖണ്ഡകാവ്യം ഒരു മനുഷ്യജീവിതത്തിന്റെ പ്രതിരൂപമായി വർത്തിക്കുന്നു.